**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിനു വേണ്ടി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച 'സങ്കേതം' സോഫ്റ്റ്‌വെയർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിന്യസിച്ച് നടപ്പാക്കണമെന്ന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പ്

സ.ഉ. (സാധാ) നം. 2465/2013/തസ്വഭവ. തിരുവനന്തപുരം, തിയതി, 04.10.2013.

പരാമർശം:- 1. ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടറുടെ 21.03.2013 ലെ IKM/LoBE & QA/KPBR/02/2011 നമ്പർ കത്ത്.

2. പഞ്ചായത്ത് ഡയറക്ടറുടെ 06.06.2013 ലെ ജി 4-13856/2013 നമ്പർ കത്ത്.

3. നഗരകാര്യ ഡയറക്ടറുടെ 27.05.2013 ലെ ഡിസി 5-8011/13 നമ്പർ കത്ത്.

**ഉത്തരവ്**

ഇ-ഫയലിംഗിലൂടെയും നേരിട്ടും കെട്ടിട നിർമ്മാണ അനുമതിക്കായി തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ മുൻഗണനാക്രമം പാലിച്ചുകൊണ്ട് സുതാര്യമായും കാര്യക്ഷമതയോടും, നിയമാനുസൃത നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കിയും, സമയബന്ധിതമായി അനുമതി നൽകുന്നതിന് ഉതകുംവിധം ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചിട്ടുള്ള 'സങ്കേതം' സോഫ്റ്റ്‌വെയർ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും വിന്യസിച്ച് നടപ്പാക്കുന്നതിന് ഉത്തരവാകണമെന്ന് ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ പരാമർശം (1) കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

'സങ്കേതം' ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ ഗ്രാമപഞ്ചായത്തുകളിൽ വിന്യസിച്ച് നടപ്പിലാക്കുന്നത് ഗുണകരമായിരിക്കുമെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) കത്തിലൂടെ ശുപാർശ ചെയ്യു. സങ്കേതം സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം മനസ്സിലാക്കുന്നതിനും, പോരായ്മകൾ ഉണ്ടെങ്കിൽ നിർദ്ദേശിക്കുന്നതിനും നഗരസഭാ സെക്രട്ടറിമാർ, എഞ്ചിനീയർമാർ, ലൈസൻസ് നൽകിയിട്ടുള്ള സൂപ്പർവൈസർമാർ എന്നിവർക്ക് ട്രെയിനിംഗ് നൽകിയ ശേഷം പ്രയോഗത്തിൽ വരുത്താവുന്നതാണെന്ന് പരാമർശം (3) കത്തിലൂടെ നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്യു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിനു വേണ്ടി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച 'സങ്കേതം' സോഫ്റ്റ്‌വെയർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിന്യസിച്ച് നടപ്പാക്കണമെന്ന് നിർദ്ദേശം നൽകി ഇതിനാൽ ഉത്തരവാകുന്നു. പ്രസ്തുത സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വേണ്ട പരിശീലനം ഇൻഫർമേഷൻ കേരള മിഷൻ നൽകേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

കെ.ആർ. കൃപാനന്ദൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ